## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4807 — 27.06.2014 ലെ മറുപടിയ്ക്ക്

# കൃഷിഭവനുകീഴിൽ വളം ഡിപ്പോ

ചോദ്യം

ശ്രീ. എ. എ. അസീസ്

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** 2012, 2013, 2014 വർഷങ്ങളിലെ മെയ് മാസത്തിലെ പ്രധാന രാസവളങ്ങളുടെ ഓരോ ടണ്ണിനുമുള്ള വില എത്രയായിരുന്നു;

**(എ)**

| നമ്പർ | രാസവളങ്ങളുടെ പേര് | മേയ് മാസത്തിലെ വില രൂപയിൽ (ഒരു മെട്രിക് ടണ്ണിന്) | | |
|---|---|---|---|---|
| | | 2012 | 2013 | 2014 |
| 1 | യൂറിയ | 5363 | 5413 | 5413 |
| 2 | മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 15900 | 15700 | 16000 |
| 3 | ഡൈ അമോണിയം ഫോസ്ഫേറ്റ് | 24000 | 22500 | 22500 |
| 4 | 20:20:0:13 (ഫാക്ടംഫോസ്) | 16468 | 17753 | 17751 |
| 5 | അമോണിയം സൾഫേറ്റ് | 11013 | 10527 | 12346 |

**(ബി)** രാസവളങ്ങൾക്ക് കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡി എത്രയാണ്; ഓരോ വർഷവും സബ്സിഡി തുക കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** 01.04.2010 മുതൽ കേന്ദ്ര ഗവണ്മെന്റ് യൂറിയ ഒഴികെയുള്ള രാസവളങ്ങൾക്ക് അതിൽ അടങ്ങിയിട്ടുള്ള പോഷക മൂലകങ്ങളുടെ അളവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നിശ്ചയിച്ച് നൽകുകയുണ്ടായി. ഈ പദ്ധതി പ്രകാരം 2014 ഏപ്രിൽ മുതൽ ഓരോ വളങ്ങൾക്കും പുനർനിർണ്ണയിച്ച സബ്സിഡി തുക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രാസവളത്തിന്റെ പേര് | സബ്സിഡി ഒരു മെട്രിക് ടണ്ണിന് |
|---|---|---|
| 1 | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 9,300/- രൂപ |
| 2 | 20:20:0:13 | 8,129/- രൂപ |
| 3 | ഡൈ അമോണിയം ഫോസ്ഫേറ്റ് | 12,350/- രൂപ |
| 4 | 10:26:26 | 10,974/- രൂപ |
| 5 | അമോണിയം സൾഫേറ്റ് | 4,686/- രൂപ |

ഓരോ വർഷവും സബ്സിഡി തുക കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** കർഷകർക്ക് ലഭ്യമാക്കുന്ന രാസവളങ്ങളിൽ സബ്സിഡി കുറയാതിരിക്കാൻ സംസ്ഥാന ഗവണ്മെന്റ് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ;

**(സി)** സംസ്ഥാന ഗവണ്മെന്റ് വിവിധ കാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി രാസവളം ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾക്ക് 50% വരെ പരമാവധി സബ്സിഡി നൽകുന്നുണ്ട്. കൂടാതെ രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ഡി)** | രാസവളങ്ങൾ കർഷകർക്ക് കൃഷിഭവനകൾ വഴി വിതരണം ചെയ്യുന്നതിനായി കൃഷി ഭവനകൾക്ക് കീഴിൽ വളം ഡിപ്പോകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | **(ഡി)** | ഇല്ല. |

സെക്ഷൻ ഓഫീസർ